എ.വൈ.ആർ

ആഗ്രഹാഭിലാഷങ്ങളും കാമമോഹങ്ങളും രാഗദ്വേഷങ്ങളുമെല്ലാം മനുഷ്യസഹജമാണ്. ഇഛകളെ സംഹരിക്കാനല്ല ഇസ്‌ലാം ആവശ്യപ്പെടുന്നത്. മറിച്ച് സംസ്കരിക്കാനാണ്. മനുഷ്യമനസ്സിൽ ആശകൾ അനിയന്ത്രിതമായി അങ്കുരിച്ചുകൊണ്ടിരിക്കും. അവയിൽ ഏതിനെ വളർത്തണം, സഫലമാക്കണം, എങ്ങനെ സഫലമാക്കണം എന്നൊക്കെ നിശ്ചയിക്കാൻ രണ്ട് ഉപാധികളുണ്ട്; വിവേചനബുദ്ധിയും വൈദികപ്രമാണങ്ങളും. രണ്ടിനെയും ഒരുമിച്ചവലംബിക്കുമ്പോഴേ ഇഛകൾ സംസ്കരിക്കപ്പെടൂ.



وَإِذَا رَأَوْكَ إِنْ يَتَّخِذُونَكَ إِلَّا هُزُوًا أَهَٰذَا الَّذِي بَعَثَ اللَّهُ رَسُولًا ﴿٤١﴾

**41.** നിന്നെ കാണുമ്പോഴൊക്കെ 'ഇവനെയാണോ അല്ലാഹു ദൂതനായി നിയോഗിച്ചിരിക്കുന്നത്?' എന്ന് ഈ സത്യനിഷേധികൾ പരിഹസിക്കുന്നു.

**41**

وَإِذَا رَأَوْكَ = അവർ നിന്നെ കണ്ടാൽ (ഈ സത്യനിഷേധികൾ നിന്നെ കാണുമ്പോഴൊക്കെ)

إِنْ يَتَّخِذُونَكَ إِلَّا هُزُوًا = അവർ നിന്നെ പരിഹാസമായിട്ടല്ലാതെ എടുക്കുന്നില്ല (പരിഹസിക്കുന്നു)

أَهَٰذَا = ഇവൻ(നെ) ആണോ  الَّذِي بَعَثَ اللَّهُ رَسُولًا = അല്ലാഹു ദൂതനായി നിയോഗിച്ചിരിക്കുന്നത്

പാപികളും തെമ്മാടികളുമായ ആളുകൾ എല്ലാ പ്രവാചകന്മാരുടെയും ശത്രുക്കളായിരിക്കുമെന്നും അവരുടെ ദ്രോഹങ്ങളെ തരണം ചെയ്യാതെ ഒരു പ്രവാചകനും തന്റെ ദൗത്യവുമായി മുന്നോട്ടുപോകാനാവില്ലെന്നും 31-ാം സൂക്തത്തിൽ പ്രസ്താവിച്ചുവല്ലോ. അതിനനുബന്ധമാണ് ഈ സൂക്തങ്ങൾ. അവർ സത്യപ്രവാചകനെ പതിതനും നിസ്സാരനും തരംതാണവനും ദുർബലനുമായി ഇകഴ്ത്തിക്കൊണ്ടിരിക്കും. ദൈവം ഒരു മനുഷ്യനെ നമ്മളിലേക്ക് പ്രവാചകനായി നിയോഗിക്കുകയാണെങ്കിൽ ആ നിയുക്തൻ നമ്മേക്കാൾ അല്ലെങ്കിൽ ചുരുങ്ങിയ പക്ഷം നമ്മെപ്പോലെയെങ്കിലും പണവും പ്രതാപവും സ്ഥാനമാനങ്ങളുമുള്ളവനായിരിക്കണം. എന്നാൽ ഈ മുഹമ്മദിന്റെ അവസ്ഥയോ? അനാഥനായി വളർന്നുവലുതായ ഒരാൾ. സാമ്പത്തികമായി വട്ടപ്പൂജ്യം. ഏതെങ്കിലും നാട്ടിലോ ഗോത്രത്തിലോ ഒരധികാരവുമില്ല. സമൂഹത്തിന്റെ ആദരവും പരിഗണനയുമുള്ളവരൊന്നും അയാളുടെ കൂടെയില്ല. ഉള്ളതാവട്ടെ ബിലാലിനെപ്പോലുള്ള അടിമകളും അമ്മാറിനെപ്പോലുള്ള പരമ ദരിദ്രരും. സ്വന്തം അനുയായികളെ നമ്മുടെ മർദനങ്ങളിൽനിന്ന് രക്ഷിക്കാൻ പോലും അയാൾക്കാവുന്നില്ല. നമ്മെ ചെറുക്കാനോ സ്വയം രക്ഷപ്പെടാനോ അവർക്കും കരുത്തില്ല. ഇങ്ങനെയൊരുത്തനെ മാത്രമേ നമ്മെപ്പോലുള്ള ആഢ്യജനത്തിലേക്ക് തന്റെ ദൂതനായി നിയോഗിക്കാൻ ദൈവത്തിന് കിട്ടിയുള്ളൂവെന്നോ?! ഇത്തരം പരിഹാസോക്തികളിലൂടെ പാമര ജനങ്ങളിൽ പ്രവാചകനെക്കുറിച്ച് മോശമായ പ്രതിഛായ വളർത്താൻ കുറേയൊക്കെ അവർക്ക് കഴിഞ്ഞിരുന്നു.

മുഹമ്മദ് നബി (സ) പ്രവാചകത്വത്തിന് അർഹനല്ല എന്ന് യഥാർഥത്തിൽ കരുതുന്നതുകൊണ്ടല്ല അവരിങ്ങനെ പരിഹസിച്ചിരുന്നത്. ഖുറൈശികൾക്കിടയിൽ എന്നല്ല, അറബികളിൽതന്നെ ഒരു പ്രവാചകൻ നിയോഗിക്കപ്പെടുകയാണെങ്കിൽ അതിന് ഏറ്റം അർഹൻ അബ്ദുല്ലയുടെ പുത്രൻ മുഹമ്മദ് ആണെന്ന് അവർക്ക് നന്നായറിയാമായിരുന്നു. കഴിഞ്ഞ 40 ആണ്ടുകൾ അദ്ദേഹം പിന്നിട്ടത് അവർക്കിടയിൽ തന്നെയാണ്. അദ്ദേഹത്തിന്റെ മാന്യത, വിവേകം, സത്യസന്ധത, കാര്യപ്രാപ്തി, നീതിനിഷ്ഠ, ബുദ്ധികൂർമത എല്ലാം അവർക്ക് നേരിട്ടനുഭവമുള്ളതാണ്. അദ്ദേഹത്തിന് 'അൽഅമീൻ' (വിശ്വസ്തൻ) എന്ന അപരാഭിധാനം നൽകിയത് അവർ തന്നെയാണ്. ഖുറൈശികളുടെ നേതൃകുടുംബമായ ബനൂഹാശിമിലാണ് അദ്ദേഹം ജനിച്ചുവളർന്നത്. ജനിക്കും മുമ്പേ പിതാവ് മരണപ്പെട്ട അദ്ദേഹത്തിന് സമ്പത്തൊന്നുമുണ്ടായിരുന്നില്ല എന്നത് ശരിയാണ്. സമ്പത്തിന്റെ കുറവ് ഒരാളുടെ മാന്യതക്കോ

മഹത്വത്തിനോ വിഘാതമാവില്ല എന്ന കാര്യം ഇതുവരെ അദ്ദേഹത്തോട് പുലർത്തിപ്പോന്ന സമീപനത്തിലൂടെ അവർതന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തങ്ങളുടെ ഭൗതിക താൽപര്യങ്ങൾക്കും ആസക്തികൾക്കും നിരക്കാത്ത ആദർശവിശ്വാസങ്ങളുമായി രംഗത്തുവന്നപ്പോൾ മാത്രമാണ് അവർക്കദ്ദേഹം അനഭിമതനും അസ്പൃശ്യനുമായത്. ഈ ദുഷ്ടന്മാരുടെ കുപ്രചാരണങ്ങളിൽ വഞ്ചിതരായതുകൊണ്ടും, യാഥാർഥ്യം മനസ്സിലാക്കിയവരിൽ സിംഹഭാഗവും ഗോത്രനായകന്മാരുടെ ശത്രുത ഭയന്നതുകൊണ്ടും സമൂഹത്തിൽ ഏറെപ്പേർ അദ്ദേഹത്തെ സ്വീകരിക്കാൻ തയാറായില്ല. ഒന്നും നഷ്ടപ്പെടാനില്ലാത്ത പാവങ്ങളാണ് വിശ്വസിക്കാൻ മുന്നോട്ടുവന്നവരിലധികവും. തങ്ങളുടെ കുപ്രചാരണം മൂലം വന്നുചേർന്ന ഈ അവസ്ഥയെയും പ്രവാചകന്റെ കുറ്റമായിട്ടാണവർ ചിത്രീകരിച്ചത്. ഈ പ്രചാരണത്തിന് നേതൃത്വം നൽകിയിരുന്നത് അബൂജഹ്‌ലും കൂട്ടരുമായിരുന്നു. പാരമ്പര്യത്തിന്റെയും നിക്ഷിപ്ത താൽപര്യങ്ങളുടെയും സംരക്ഷണത്തിലുപരി അബൂജഹ്‌ലിനെ ഇത്തരം കുപ്രചാരണത്തിന് പ്രേരിപ്പിക്കുന്ന മറ്റൊരു ഘടകവും കൂടിയുണ്ടായിരുന്നു. ഇപ്പോൾതന്നെ ഖുറൈശികളുടെ നേതൃഗോത്രമെന്ന അംഗീകാരമുള്ള ഹാശിം കുടുംബത്തിൽനിന്ന് ഒരാളെ-അതും തന്റെ സമശീർഷനായ ഒരാളെ-പ്രവാചകനായി കൂടി അംഗീകരിച്ചുകൊടുത്തുകൂടാ എന്ന അസൂയാവികാരമായിരുന്നു അത്. ■

إِنْ كَادَ لَيُضِلُّنَا عَنْ آلِهَتِنَا لَوْلَا أَنْ صَبَرْنَا عَلَيْهَا ۚ وَسَوْفَ يَعْلَمُونَ حِينَ يَرَوْنَ الْعَذَابَ مَنْ أَضَلُّ سَبِيلًا ﴿٤٢﴾

42. ഇവൻ തീർച്ചയായും നമ്മുടെ കുലദൈവങ്ങളിൽനിന്ന് നമ്മെ വഴിതെറ്റിക്കാറായിരിക്കുന്നു; നാം അവക്കുവേണ്ടി ഉറച്ചു നിലകൊണ്ടിട്ടില്ലെങ്കിൽ. എന്നാൽ അതിദൂരം വഴിപിഴച്ചുപോയവരാരെന്ന് വൈകാതെ അവർ അറിയുന്നുണ്ട്; ദൈവിക ശിക്ഷ നേരിൽ കാണുംനേരം.

**42**

إِنْ كَادَ لَيُضِلُّنَا = അവൻ തീർച്ചയായും നമ്മെ വഴിതെറ്റിക്കാറായിരിക്കുന്നു    عَنْ آلِهَتِنَا = നമ്മുടെ (കുല)ദൈവങ്ങളിൽനിന്ന്
لَوْلَا أَنْ صَبَرْنَا عَلَيْهَا = നാം അവയിന്മേൽ ക്ഷമിച്ചിട്ടില്ലെങ്കിൽ (അവക്കുവേണ്ടി ഉറച്ചു നിലകൊണ്ടിട്ടില്ലെങ്കിൽ)
وَسَوْفَ يَعْلَمُونَ = വൈകാതെ അവർ അറിയുന്നുണ്ട്    حِينَ يَرَوْنَ الْعَذَابَ = അവർ (ദൈവ)ശിക്ഷയെ (നേരിൽ) കാണുംനേരം
مَنْ أَضَلُّ سَبِيلًا = മാർഗത്താൽ ഏറ്റം പിഴച്ചവർ (അതിദൂരം വഴിപിഴച്ചവർ) ആരാണെന്ന്

മുഹമ്മദ്(സ) യഥാർഥത്തിൽ പരിഹാസ്യനായതുകൊണ്ടല്ല അവിശ്വാസികളുടെ നേതാക്കൾ പരിഹസിക്കുന്നതെന്നും, അദ്ദേഹത്തെ തോൽപിക്കാൻ പരിഹാസം ഒരായുധമായി ഉപയോഗിക്കുകയാണവരെന്നും തെളിയിക്കുന്നതാണ് ഈ സൂക്തം ഉദ്ധരിക്കുന്ന പ്രസ്താവന. അയാൾ ബുദ്ധിമാനും കൗശലക്കാരനുമാണ്. അയാളുടെ സ്വഭാവം വിശിഷ്ടമാണ്. ചര്യകൾ ധർമനിഷ്ഠമാണ്. വ്യക്തിത്വം ആകർഷകമാണ്. വർത്തമാനം ആരുടെയും മനസ്സിൽ തറക്കുന്നതാണ്. കുലദൈവങ്ങളോടുള്ള വിശ്വാസത്തിലും വിധേയത്വത്തിലും നാം അചഞ്ചലരായി ഉറച്ചുനിൽക്കുന്നതുകൊണ്ട് മാത്രമാണ് നമ്മുടെ മതം ഇപ്പോഴും നിലനിൽക്കുന്നതും ദൈവങ്ങൾ ആരാധിക്കപ്പെടുന്നതും. നമ്മൾ ഈ സ്ഥൈര്യവും വീര്യവും കൈക്കൊണ്ടിരുന്നില്ലെങ്കിൽ തീർച്ചയായും അയാൾ നമ്മെ നമ്മുടെ ദൈവങ്ങളിൽനിന്നും പാരമ്പര്യ ആചാരങ്ങളിൽനിന്നും വഴിതെറ്റിച്ചുകളയുമെന്നുറപ്പാണ്. അത്രക്ക് ന്യായയുക്തമാണ് അയാളുടെ ആദർശം. അത് പ്രബോധനം ചെയ്യാൻ അവലംബിക്കുന്ന രീതിയോ അതിസമർഥവും. അയാളുടെ ആദർശത്തെ ന്യായവാദം കൊണ്ട് ഖണ്ഡിക്കാൻ നമുക്കാവില്ല. അതുകൊണ്ട് അയാളെ കേൾക്കാനേ പോകരുത്. ഖുർആൻ പാരായണം ചെയ്യുന്നിടത്ത് ചെന്ന് ബഹളമുണ്ടാക്കുക.

لَا تَسْمَعُوا لِهَٰذَا الْقُرْآنِ وَالْغَوْا فِيهِ لَعَلَّكُمْ تَغْلِبُونَ (ഈ ഖുർആൻ കേൾക്കാതിരിക്കുവിൻ അഥവാ കേൾക്കാനിടയായാൽ അവിടെ ബഹളമുണ്ടാക്കുവിൻ, അങ്ങനെ നമുക്കതിനെ അതിജയിക്കാം-41:26). ഇല്ലെങ്കിൽ നാം വഴിതെറ്റിപ്പോകും. ഇതായിരുന്നു അവരുടെ തന്ത്രം.

സത്യദൈവത്തെയും അവന്റെ ദൂതനെയും അദ്ദേഹത്തിലൂടെ അവതീർണമായ സത്യവേദത്തെയും മനപ്പൂർവം തള്ളിക്കളഞ്ഞ് വ്യാജ ദൈവങ്ങളിലും അനാചാരങ്ങളിലും വിശ്വാസമർപ്പിച്ച് സ്വേഛാപ്രമത്തരായി ചരിക്കുന്ന ഇക്കൂട്ടർ അധികം താമസിയാതെ അതിന്റെ ശിക്ഷ അനുഭവിക്കാൻ പോകുന്നു. യഥാർഥത്തിൽ വഴിതെറ്റിയവരും തെറ്റിച്ചവരും ആരാണെന്ന് അന്നവർക്ക് ബോധ്യമാകും. ദുർമാർഗത്തിലൂടെയുള്ള പ്രയാണം ലക്ഷ്യത്തിലെത്തിക്കഴിഞ്ഞ ശേഷം അക്കാര്യത്തിലുണ്ടാകുന്ന ബോധ്യം ഒരു പ്രയോജനവും ചെയ്യില്ല. പിന്നെ ഒരു മടക്കത്തിനും പുനഃപ്രയാണത്തിനും അവസരമില്ല.

إِنْ يَتَّخِذُونَكَ എന്നതിലുള്ള إِنْ ശബ്ദം مَا പോലെ നിഷേധാർഥ പ്രത്യയമാണ്. ഈ സൂക്തത്തിലെ إِنْ كَادَ -യിലുള്ള إِنْ, തുടർന്നുള്ള പ്രസ്താവനയെ ദൃഢീകരിക്കുന്നതിന് വാക്യാരംഭത്തിൽ ചേർക്കുന്ന إِنَّ -യുടെ ലഘുകൃത രൂപമാണ്. കാര്യം സംഭവിക്കാൻ സമയമടുത്തു എന്നാണ് كَادَ എന്ന ക്രിയാപദത്തിന്റെ ആശയം. كَادَ يموت എന്നാൽ അയാൾ മരിക്കാറായി. كَادَ-ക്കു ശേഷമുള്ള لَيُضِلُّنَا എന്ന വാക്കിലെ لَ ശബ്ദം, كَادَ -ക്ക് മുമ്പുള്ള إِنْ ദൃഢീകരണത്തിന്റെ انّ തന്നെയാണെന്ന് സ്ഥിരപ്പെടുത്തുന്നു. ■

أَرَأَيْتَ مَنِ اتَّخَذَ إِلَٰهَهُ هَوَاهُ أَفَأَنْتَ تَكُونُ عَلَيْهِ وَكِيلًا ﴿٤٣﴾

أَمْ تَحْسَبُ أَنَّ أَكْثَرَهُمْ يَسْمَعُونَ أَوْ يَعْقِلُونَ ۚ إِنْ هُمْ إِلَّا كَالْأَنْعَامِ ۖ بَلْ هُمْ أَضَلُّ سَبِيلًا ﴿٤٤﴾

**43.** സ്വേഛയെ ദൈവമാക്കിയവനെക്കുറിച്ച് നീ ആലോചിച്ചുനോക്കിയിട്ടുണ്ടോ? നിനക്ക് കഴിയുമോ അവന്‍ സന്മാര്‍ഗം കൈക്കൊള്ളുന്നതിന്റെ ചുമതലയേല്‍ക്കാന്‍?

**44.** അതല്ല, നീ കരുതുന്നുണ്ടോ, അവരിലധിക പേരും കേള്‍ക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നുണ്ടെന്ന്? കേവലം കാലികളെപ്പോലെയാണവര്‍. എന്നല്ല; അവരാണ് ഏറെ വഴിപിഴച്ചവര്‍.

**43,44**

أَرَأَيْتَ = നീ കണ്ടുവോ? (ആലോചിച്ചുനോക്കിയിട്ടുണ്ടോ?)

مَنِ اتَّخَذَ إِلَٰهَهُ هَوَاهُ = അവന്റെ ഇഛയെ അവന്റെ ദൈവമാക്കിയവനെ (സ്വേഛയെ ദൈവമാക്കിയവനെക്കുറിച്ച്)

أَفَأَنْتَ تَكُونُ = നീ ആകുമോ (നിനക്ക് കഴിയുമോ?)

عَلَيْهِ وَكِيلًا = അവന്റെ മേല്‍ കൈകാര്യാധികാരിയാവാന്‍ (അവന്‍ സന്മാര്‍ഗം കൈക്കൊള്ളുന്നതിന്റെ ചുമതലയേല്‍ക്കാന്‍)

أَمْ تَحْسَبُ = അതല്ല, നീ കരുതുന്നുണ്ടോ? أَنَّ أَكْثَرَهُمْ = എന്തെന്നാല്‍ അവരില്‍ അധികവും(അധിക പേരും)

يَسْمَعُونَ = അവര്‍ കേള്‍ക്കു(കയും)ന്നുണ്ടെന്ന് أَوْ يَعْقِلُونَ = അല്ലെങ്കില്‍ ഗ്രഹിക്കുന്നുവെന്ന്(ഗ്രഹിക്കുകയും ചെയ്യുന്നുണ്ടെന്ന്)

إِنْ هُمْ إِلَّا كَالْأَنْعَامِ = അവര്‍ കാലികളെപ്പോലെയല്ലാതെയല്ല (കേവലം കാലികളെപ്പോലെയാകുന്നു)

بَلْ = എന്നല്ല هُمْ = അവരാണ് أَضَلُّ سَبِيلًا = ഏറ്റം വഴിപിഴച്ചവര്‍

തങ്ങളെത്തന്നെ ദൈവമാക്കി പിന്തുടരുന്ന, അഥവാ താന്തോന്നികളായിരിക്കുന്ന ആളുകളെ ധര്‍മോപദേശം ചെയ്താല്‍ പെട്ടെന്ന് ഫലം കാണുകയില്ലെന്ന് പ്രബോധകനെ ഉണര്‍ത്തുകയാണീ സൂക്തങ്ങള്‍. أَرَأَيْتَ -യുടെ ഭാഷാര്‍ഥം 'നീ കണ്ടുവോ' എന്നാണ്. ഇവിടെ ഉദ്ദേശ്യം ആലോചിച്ചുനോക്കിയിട്ടുണ്ടോ എന്നാണ്. ശാരീരികാസക്തികളും ആസക്തികള്‍ സാധിക്കാനുള്ള യത്നവുമാണ് هوى. വായു, അന്തരീക്ഷം, ശൂന്യത എന്നും അര്‍ഥമുണ്ട്. اخدته هواه എന്നാല്‍ അയാളുടെ മനസ്സ് എല്ലാ നന്മകളില്‍നിന്നും മുക്തമാകുന്നു. اتبع هواه എന്നാല്‍ അയാള്‍ സ്വന്തം ഇഷ്ടങ്ങളെ മാത്രം അനുസരിച്ചു. ശാരീരികാസക്തികള്‍ക്കല്ലാതെ, ഉദാത്തമായ ആദര്‍ശബോധത്തിനും ആത്മീയ താല്‍പര്യങ്ങള്‍ക്കും മഹത്തായ ലക്ഷ്യങ്ങള്‍ പ്രാപിക്കാനുള്ള മോഹത്തിനും هوى ഉപയോഗിക്കാറില്ല. هوى ക്രിയയാകുമ്പോള്‍ അര്‍ഥം 'വീണു'. ആസക്തികളെ പിന്തുടരുന്നവര്‍ ഇഹത്തില്‍ സകല അനര്‍ഥങ്ങളിലും പരത്തില്‍ നരകഗര്‍ത്തത്തിലും പതിക്കുന്നതുകൊണ്ടാണ് هوى -ക്ക് ആസക്തി എന്ന് അര്‍ഥമുണ്ടായതെന്ന് ഇമാം റാഗിബ് നിരീക്ഷിച്ചിട്ടുണ്ട്. مَنِ اتَّخَذَ إِلَٰهَهُ هَوَاهُ (തന്റെ ഇഛയെ തന്റെ ദൈവമാക്കിയവന്‍) എന്ന വാക്യം ഏറെ അര്‍ഥപൂര്‍ണമാണ്. മാനസിക പ്രവണതകളും ആസക്തികളും മോഹങ്ങളുമൊക്കെയാണല്ലോ ഇഛ. അതിനു സ്വന്തം നിലയില്‍ ജഡമോ രൂപമോ ശക്തിയോ ഒന്നുമില്ല. അത് ആരാധിക്കപ്പെടാറുമില്ല. ഇഛയെ ദൈവമാക്കി എന്നത് ഒരാലങ്കാരിക പ്രയോഗമാണ്. സ്വേഛയെ തന്റെ പരമാധികാരിയാക്കി അതിന്റെ താല്‍പര്യമനുസരിച്ച് ചലിക്കുന്നവനാണ് ഇഛയെ ദൈവമാക്കുന്നവന്‍.

ഇതിന് രണ്ടു രൂപമുണ്ട്: 1) തനിക്കു മീതെ ഒരു ദൈവമോ ധര്‍മശാസകനോ ഇല്ലെന്നും തന്റെ യജമാനനും ശാസകനും താന്‍ തന്നെയാണെന്നും തനിക്കു ബോധിക്കുന്നതാണ് തന്നെ സംബന്ധിച്ചേടത്തോളം സത്യവും നീതിയും ധര്‍മവും എന്നു തീരുമാനിച്ച് മുന്നോട്ടുപോവുക. 2) ആത്മീയ പ്രമാണങ്ങളുടെയോ നൈതിക ധാര്‍മിക മൂല്യങ്ങളുടെയോ നിഷ്കൃഷ്ടമായ യുക്തിവിചാരത്തിന്റെയോ പിന്തുണയില്ലാതെ, തനിക്ക് ഇഷ്ടം തോന്നിയ വസ്തുക്കളെയും ശക്തികളെയും തന്റെ ദൈവമാക്കി ആരാധിക്കുക. ഒന്നാമത്തെ അര്‍ഥത്തില്‍ സ്വേഛയെ ദൈവമാക്കുന്നവര്‍ പണ്ടു കാലത്ത് വിരളമായിരുന്നു. ഇക്കാലത്ത് അത്തരക്കാര്‍ ധാരാളമുണ്ട്. ഇന്ന് നാസ്തികരും യുക്തിവാദികളുമായി അറിയപ്പെടുന്നവര്‍ സത്യത്തില്‍ അവരവരെത്തന്നെ ദൈവമാക്കുന്നവരാണ്. പ്രവാചകന്റെ കാലത്തുണ്ടായിരുന്ന ഇഛാപൂജകര്‍ പൊതുവില്‍ വിഗ്രഹാരാധകരായിരുന്നു. ആളുകള്‍ അവര്‍ക്കിഷ്ടപ്പെട്ട വിഗ്രഹങ്ങളെ, പ്രതിഷ്ഠകളെ, ജീവിച്ചിരിക്കുന്നവരോ മരിച്ചവരോ ആയ വ്യക്തികളെ, പ്രകൃതി പ്രതിഭാസങ്ങളെ ഒക്കെ ആരാധിച്ചു. ഒരു മൂര്‍ത്തിയെ ആരാധിക്കുന്നവര്‍ക്ക് മറ്റൊരു മൂര്‍ത്തിയില്‍ കമ്പം തോന്നിയാല്‍ ഈ മൂര്‍ത്തിയെ വിട്ട് ആ മൂര്‍ത്തിയുടെ ഭക്തന്മാരാകും. അമ്മഭക്തന്മാര്‍ ഇടക്ക് അപ്പന്‍ഭക്തന്മാരായും ശിവപൂജകര്‍ വിഷ്ണുപൂജകരായും മറിച്ചും മാറുന്നു. ചിലര്‍ ഒരേ സമയം പല ദൈവങ്ങളോട് തുല്യഭക്തി പുലര്‍ത്തുന്നു. ആരാധ്യരുടെ ഈ തെരഞ്ഞെടുപ്പിനും പകരമാക്കലിനുമെല്ലാം അടിസ്ഥാനം അവരവരുടെ ഇഛയും അഭിനിവേശവുമാണ്. ദൈവങ്ങളുടെ രൂപം നിശ്ചയിക്കപ്പെടുന്നതും അവരുടെ പേരില്‍ അനുശാസനങ്ങളും ആചാരവ്യവസ്ഥകളും ആവിഷ്ക

രിക്കപ്പെടുന്നതും ആരാധകരുടെ ഇഛാനുസാരം തന്നെ. അതിനാൽ ആത്യന്തികമായി ഇക്കൂട്ടരും ദൈവമാക്കി പൂജിക്കുന്നത് അവരുടെ ഇഛകളെയാണ്.

ഇതിൽനിന്ന് സുപ്രധാനമായ ഒരു തത്ത്വം സ്പഷ്ടമാകുന്നു. ഒന്ന്, ഒരാൾ ദൈവമല്ലാത്ത ഒന്നിനെ ദൈവമാക്കുന്നത്, അതാണ് തന്റെ ദൈവമെന്ന് പ്രസ്താവിക്കുന്നതുകൊണ്ടോ, അതിന്റെ വിഗ്രഹമുണ്ടാക്കി പ്രതിഷ്ഠിച്ച് പൂജാദികർമങ്ങൾ ചെയ്യുമ്പോഴോ മാത്രമല്ല. തന്റെ ആത്യന്തികമായ വിധേയത്വം അല്ലാഹുവല്ലാത്ത മറ്റെന്തിനു സമർപ്പിക്കുന്നതിലൂടെയും അയാൾ അതിനെ തന്റെ ദൈവമാക്കുകയാണ്. സൃഷ്ടികളുടെ മേലുള്ള പരമാധികാരവും അവരുടെ പരമമായ വിധേയത്വവും-ആരാധന-സ്രഷ്ടാവായ അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാണ്. താൻ വിധേയപ്പെട്ടിരിക്കുന്ന അസ്തിത്വം തന്റെ ദൈവമല്ലെന്ന് ആണയിട്ടു പറഞ്ഞുകൊണ്ടുപോലും ഒരാൾക്ക് പ്രായോഗികമായി അതിനെ ദൈവമായി വരിക്കാം. ഉദാഹരണം, സ്വേഛയോടുള്ള ആഭിമുഖ്യം തന്നെ. സ്വേഛയെ ആരും ദൈവമെന്ന് വിളിക്കാറില്ല. അതിന്റെ പേരിൽ വിഗ്രഹം പ്രതിഷ്ഠിച്ച് പൂജിക്കാറുമില്ല. എന്നിട്ടും ദൈവമേയില്ലെന്ന് വാദിക്കുന്നവർ പോലും ആ ദൈവത്തിന്റെ ആരാധകരായിത്തീരുന്നു. ദൈവത്തിന്റെ വിപരീതമാണ് ചെകുത്താൻ. ചെകുത്താൻ ആർക്കും ആരാധ്യനല്ല. എല്ലാവർക്കും അഭിശപ്തനാണ്. എങ്കിലും ചെകുത്താനെ ആരാധിക്കാതിരിക്കാൻ ഖുർആൻ സഗൗരവം മനുഷ്യരെ ഉണർത്തുന്നു. أَلَمْ أَعْهَدْ إِلَيْكُمْ يَا بَنِي آدَمَ أَنْ لَا تَعْبُدُوا الشَّيْطَانَ (അല്ലയോ മനുഷ്യ പുത്രന്മാരേ, ചെകുത്താനെ ആരാധിച്ചുകൂടെന്ന് ഞാൻ നിങ്ങളോട് അനുശാസിച്ചിരുന്നില്ലയോ?-36:60). സത്യദൈവത്തെയും അവന്റെ ശാസനകളെയും തള്ളിക്കളഞ്ഞ് ചെകുത്താന്റെ ദുർബോധനങ്ങൾ അനുസരിച്ച് ചരിക്കുകയാണ് ചെകുത്താന് ഇബാദത്ത് ചെയ്യൽ. അതുകൊണ്ട് وَلَا تَتَّبِعُوا خُطُوَاتِ الشَّيْطَانِ (ചെകുത്താന്റെ കാൽപാടുകൾ പിന്തുടരാതിരിക്കുവിൻ-2:168, 6:142) എന്നും ആവർത്തിച്ചുപദേശിക്കുന്നു.

ആഗ്രഹാഭിലാഷങ്ങളും കാമമോഹങ്ങളും രാഗദ്വേഷങ്ങളുമെല്ലാം മനുഷ്യസഹജമാണ്. ഇഛകളെ സംഹരിക്കാനല്ല ഇസ്‌ലാം ആവശ്യപ്പെടുന്നത്. മറിച്ച് സംസ്കരിക്കാനാണ്. മനുഷ്യമനസ്സിൽ ആശകൾ അനിയന്ത്രിതമായി അങ്കുരിച്ചുകൊണ്ടിരിക്കും. അവയിൽ ഏതിനെ വളർത്തണം, സഫലമാക്കണം, എങ്ങനെ സഫലമാക്കണം എന്നൊക്കെ നിശ്ചയിക്കാൻ രണ്ട് ഉപാധികളുണ്ട്; വിവേചനബുദ്ധിയും വൈദിക പ്രമാണങ്ങളും. രണ്ടിനെയും ഒരുമിച്ചവലംബിക്കുമ്പോഴേ ഇഛകൾ സംസ്കരിക്കപ്പെടൂ. ബുദ്ധികൊണ്ട് ആഗ്രഹങ്ങളെ വിലയിരുത്തുമ്പോൾ അതിന്റെ ഭൗതികമായ ഗുണദോഷങ്ങളും സാധ്യതയും വെളിപ്പെടുന്നു. വേദപ്രമാണങ്ങൾകൊണ്ടുകൂടി വിലയിരുത്തുമ്പോഴേ ധാർമികവും ആത്മീയവുമായ ഗുണദോഷങ്ങൾ വെളിപ്പെടൂ. ഉദാഹരണമായി അവിവാഹിതരായ യുവതിയും യുവാവും ഉഭയസമ്മതത്തോടെ ഇണചേരുന്നത് കേവലബുദ്ധികൊണ്ട് വിലയിരുത്തിയാൽ നിർദോഷമായി തോന്നാം. ധാർമികവും ആത്മീയവുമായ മൂല്യങ്ങൾകൊണ്ട് വിലയിരുത്തമ്പോൾ അത് കൊടിയ അധർമവും മഹാപാപവുമായിത്തീരുന്നു. ബുദ്ധിക്ക് വഴികാട്ടേണ്ടത് വേദപ്രമാണങ്ങൾ-ദൈവികശാസനകൾ ആണ്. ദൈവശാസനകളെ ആ സ്ഥാനത്തുനിന്ന് തള്ളിക്കളഞ്ഞാൽ ബുദ്ധിയുടെ നായകത്വം ഇഛകൾ തന്നെ ഏറ്റെടുക്കുന്നു. വണ്ടി അതിന്റെ കാളയെ തെളിക്കുന്നതുപോലെയാണിത്. വണ്ടിക്കും കാളക്കും മീതെ വണ്ടിക്കാരൻ ഉണ്ടായാലേ വണ്ടി ഉദ്ദിഷ്ട ലക്ഷ്യത്തിലേക്ക് ചരിക്കൂ. ദൈവികശാസനകളാകുന്ന ഡ്രൈവറുടെ അഭാവത്തിൽ ഇഛകളെ ന്യായീകരിക്കാനും സഫലീകരിക്കാനുമുള്ള ഉപകരണം മാത്രമായി മാറുന്നു ബുദ്ധി. അപ്പോഴാണ് മനുഷ്യൻ സ്വേഛയുടെ അടിമയായിത്തീരുന്നത്. സങ്കീർണമായ പ്രശ്നമാണിത്. പൂർവികർ പറഞ്ഞിട്ടുണ്ട്: ഇഛിക്കുന്നത് ചെയ്യുന്നതിനേക്കാൾ എത്രയോ ക്ലേശകരമാണ് ചെയ്യേണ്ടത് ഇഛിക്കുക എന്നത്. ഇഛകളെ ബുദ്ധികൊണ്ടും ദൈവിക പ്രമാണങ്ങൾ കൊണ്ടും സംസ്കരിക്കുന്നവർക്കേ അതു കഴിയൂ.

പ്രപഞ്ച സംവിധാനത്തിന്റെ അസ്തിവാരങ്ങളാണ് നൈതിക ധാർമിക മൂല്യങ്ങൾ. അവയെ നിരസിച്ചുകൊണ്ടുള്ള ഇഛാനുസരണം പ്രപഞ്ചത്തിന്റെ നാശത്തിന് കാരണമാകും. وَلَوِ اتَّبَعَ الْحَقُّ أَهْوَاءَهُمْ لَفَسَدَتِ السَّمَاوَاتُ وَالْأَرْضُ وَمَنْ فِيهِنَّ (സത്യം ജനത്തിന്റെ അഭിനിവേശങ്ങൾക്കൊത്ത് വർത്തിച്ചിരുന്നുവെങ്കിൽ വാനലോകവും ഭൂലോകവും അവയിൽ വസിക്കുന്നവരൊക്കെയും നശിച്ചുപോയതു തന്നെ-23:71). മൂല്യങ്ങളുടെ സ്രോതസ്സ് ദൈവിക പ്രമാണങ്ങളാണ്. പ്രവാചകസന്ദേശങ്ങളും സത്യവേദങ്ങളും തള്ളിക്കളഞ്ഞുകൊണ്ട് മൂല്യങ്ങളാവിഷ്കരിക്കുന്നവർ സ്വേഛകളെത്തന്നെയാണ് മൂല്യങ്ങളാക്കുന്നത്. وَمَنْ أَضَلُّ مِمَّنِ اتَّبَعَ هَوَاهُ بِغَيْرِ هُدًى مِنَ اللَّهِ (അല്ലാഹുവിങ്കൽനിന്നുള്ള മാർഗദർശനമില്ലാതെ സ്വേഛകളെ പിൻപറ്റുന്നവനേക്കാൾ വഴിപിഴച്ചവനാരുണ്ട്?-28:50). ദൈവബോധത്തിനു നേരെ ഹൃദയം കൊട്ടിയടച്ചവരാണ് സ്വേഛയാൽ മാത്രം നയിക്കപ്പെടുന്നവർ. وَلَا تُطِعْ مَنْ أَغْفَلْنَا قَلْبَهُ عَنْ ذِكْرِنَا وَاتَّبَعَ هَوَاهُ وَكَانَ أَمْرُهُ فُرُطًا (ദേഹേഛകളെ പിൻപറ്റിയതിനാൽ മനസ്സ് നമ്മുടെ സ്മരണയിൽനിന്ന് അശ്രദ്ധമാക്കിയവർക്ക് നീ വഴിപ്പെട്ടുകൂടാ. അവന് സ്വന്തം കാര്യം കൈവിട്ടുപോയിരിക്കുന്നു-18:27). സ്വേഛകളെ മാത്രമല്ല, അന്യരുടെ ഇഛകളെയും അന്ധമായി അനുകരിക്കുന്നത് അല്ലാഹു വിലക്കിയിരിക്കുന്നു. ഇഛകൾ ആരുടേതായാലും ദൈവികപ്രമാണങ്ങളുമായി വിയോജിക്കാത്തവ മാത്രമേ അനുസരിക്കാവൂ. وَلَا تَتَّبِعْ أَهْوَاءَهُمْ عَمَّا جَاءَكَ مِنَ الْحَقِّ (നിനക്ക് ലഭിച്ച സത്യപ്രമാണം കൈവിട്ട് ജനത്തിന്റെ ഇംഗിതങ്ങൾക്ക് വഴങ്ങിക്കൂടാ-5:48). وَلَئِنِ اتَّبَعْتَ أَهْوَاءَهُمْ بَعْدَمَا جَاءَكَ مِنَ الْعِلْمِ مَا لَكَ مِنَ اللَّهِ مِنْ وَلِيٍّ وَلَا وَاقٍ (വേദജ്ഞാനം ലഭിച്ച ശേഷം ജനത്തിന്റെ ദേഹേഛകളെ പിന്തുടരുകയാണെങ്കിൽ അല്ലാഹുവിനെതിരെ നിനക്ക് രക്ഷകനായോ കാവലാളായോ ആരുമുണ്ടായിരിക്കുകയില്ല-13:37).

നബി (സ) പ്രസ്താവിച്ചതായി ത്വബറാനി ഉദ്ധരിക്കുന്നു:

**ما تحت ظل السماء من إله يعبد من دون الله أعظم عند الله من هوى يتبع**

(ആകാശത്തിനു താഴെ അല്ലാഹുവിനെക്കൂടാതെ ആരാധിക്കപ്പെടുന്ന ദൈവങ്ങളിൽ അല്ലാഹുവിങ്കൽ ഏറ്റം ഗുരുതരമായതത്രെ പിന്തുടരപ്പെടുന്ന ദേഹേഛ). മുഹമ്മദുൽ ഹസൻ പറഞ്ഞു: എന്താഗ്രഹിച്ചാലും അതിന്റെ പുറത്തുസഞ്ചരിക്കുന്നവനും കൊതിച്ചതൊക്കെ പ്രാപിക്കാൻ ശ്രമിക്കുന്നവനുമാണ് ഇഛയെ ദൈവമാക്കുന്നവൻ. സൂക്ഷ്മതയോ ദൈവഭയമോ അവനെ നിയന്ത്രിക്കില്ല. 'കഅ്ബയെ അഭിമുഖീകരിച്ച് നമസ്കരിക്കുന്നവരിൽ ശിർക്കു